വൈദ്യുത നിലയങ്ങളുടെ സ്ഥാപിത ശേഷി

74 (2652) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള വൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി എത്രയായിരുന്നു ;

(ബി) അന്ന് എത്രയൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നു ;

(സി) അന്നത്തെ വൈദ്യുതിയുടെ ആവശ്യവും ഉപഭോഗവും എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അന്ന് വൈദ്യുതിയ്ക്ക് യൂണിറ്റ് ഒന്നിന് എന്തു വിലയായിരുന്നു ;

(ഇ) 2000-ാംമാണ്ട് ഫെബ്രുവരി 29-ന് വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള വൈദ്യുത നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി എത്രയാണ് ;

(എഫ്) ഈ ഗവൺമെന്റ് വന്നശേഷം മുൻ ഗവൺമെന്റിന്റെ കാലത്ത് പണിയാരംഭിച്ചതും വൈദ്യുതി ബോർഡിന്റെ കീഴിലുള്ളതുമായ എത്ര വൈദ്യുതി നിലയങ്ങളുടെ പണി പൂർത്തിയാക്കി ഉല്പാദനം ആരംഭിച്ചു ;

(ജി) എത്ര യൂണിറ്റ് വൈദ്യുതി വീതമാണ് ഈ ഗവൺമെന്റ് വന്നശേഷം പുതുതായി ഉല്പാദനം ആരംഭിച്ച നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്നത് ;

(എച്ച്) ഈ നിലയങ്ങളിൽ ഓരോന്നിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയെത്രയാണ് ;

(ഐ) കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്ന് 2000 ഫെബ്രുവരിയിൽ എത്ര വൈദ്യുതി വാങ്ങി ;

(ജെ) അതിന് യൂണിറ്റൊന്നിന് വിലയെത്ര ;

(കെ) ഇപ്പോൾ വൈദ്യുതി ചാർജ് എത്രയാണ് ;

(എൽ) 2000-ഏപ്രിലിൽ സംസ്ഥാനത്തെ വൈദ്യുതിയുടെ ആവശ്യം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(എം) 2000 ഏപ്രിലിൽ സംസ്ഥാനത്ത് വൈദ്യുതി മിച്ചം ഉണ്ടാകുമോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ; മിച്ചമുണ്ടാകുമെങ്കിൽ ഈ വൈദ്യുതി എപ്രകാരം വിനിയോഗിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1493.5 മെഗാവാട്ട്.

(ബി) 1996 ഏപ്രിൽ മാസം 331.9684 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1996 ഏപ്രിൽ മാസം ലോഡ്ഷെഡ്ഡിംഗും പവർകട്ടും നിലവിലുള്ള പ്പോൾ വൈദ്യുതി ഉപഭോഗം 630.2901 മില്യൺ യൂണിറ്റ് ആയിരുന്നു.

(ഡി) വൈദ്യുതി താരിഫ് സംബന്ധിച്ച് ബോർഡ് ഉത്തരവ് അനുബന്ധമായി വച്ചിരിക്കുന്നു.*

(ഇ) 1981.6 മെഗാവാട്ട്

(എഫ്) ബ്രഹ്മപുരം ഡീസൽ നിലയം, പെരിങ്ങൽ കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ. മാട്ടുപ്പെട്ടി എന്നീ പദ്ധതികൾ പണി പൂർത്തിയാക്കി ഉല്പാദനം ആരംഭിച്ചു.

(ജി) ജനുവരി 2000-ലെ ഉല്പാദനം ചുവടെ ചേർക്കുന്നു.

ബ്രഹ്മപുരം	44.307 മില്യൺ യൂണിറ്റ്
കക്കാട്	17.79 മില്യൺ യൂണിറ്റ്
ലോവർപെരിയാർ	22.2624 മില്യൺ യൂണിറ്റ്
പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എസ്റ്റൻഷൻ	6.8790 മില്യൻ യൂണിറ്റ്
പേപ്പാറ	0.4294 മില്യൺ യൂണിറ്റ്

മാട്ടുപ്പെട്ടി പദ്ധതിയിൽ നിന്നും 1999 ജൂലൈ മാസത്തിൽ 0.0495 മില്യൺ യൂണിറ്റും, 1999 നവംബർ മാസത്തിൽ 0.3287 മില്യൺ യൂണിറ്റും 1999 ഡിസംബർ മാസത്തിൽ 0.0381 മില്യൺ യൂണിറ്റും വൈദ്യുതി ഉല്പാദിപ്പിച്ചു. 2000 ജനുവരി മാസത്തിൽ ഉല്പാദനം ഉണ്ടായിരുന്നില്ല.

(എച്ച്) ബ്രഹ്മപുരം താപനിലയത്തിൽ നിന്നുല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് 2000 ജനുവരിയിലെ ഇന്ധനവില കണക്കിലെടുത്താൽ ഒരു യൂണിറ്റിന് 4 രൂപ 3 പൈസ ആകുന്നുണ്ട്. ജലവൈദ്യുതി ഉല്പാദനത്തിന് ജനറേഷൻ പോയിന്റിൽ 17.18 പൈസയാണ് കണക്കാക്കിയിരിക്കുന്നത്.

(ഐ) 170.2640 ദശലക്ഷം യൂണിറ്റ്

(ജെ) തൽക്കാലം 2.75 രൂപ നിരക്കിലാണ് വില നൽകുന്നത്.

(കെ) ഇപ്പോഴത്തെ താരിഫ് റേറ്റ് സംബന്ധിച്ച ബോർഡിന്റെ ഉത്തരവ് അനുബന്ധമായി വച്ചിരിക്കുന്നു.*

(എൽ) 2000 ഏപ്രിലിൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യം 1040.059 മില്യൺ യൂണിറ്റായിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(എം) രണ്ടായിരമാണ്ടിൽ വൈദ്യുതി മിച്ചമുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. അത് ഏതെങ്കിലും പ്രത്യേക മാസങ്ങളിൽ ക്ലിപ്തപ്പെടുത്താൻ കഴിയുകയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly